# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/260/2016** **പത്രക്കുറിപ്പ്** **2016 ഡിസംബർ 06**

**എം.ജിയിൽ 14 കോടി മുതൽ മുടക്കിൽ ആധുനിക സൗകര്യങ്ങളോടെ സയൻസ് പാർക്ക് ശിലാസ്ഥാപനം നാളെ (ഡിസംബർ 8) വിദ്യാഭ്യാസ മന്ത്രി നിർവ്വഹിക്കും**

മഹാത്മാ ഗാന്ധി സർവ്വകലാശാല ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നവേഷൻസ് സെന്ററിന്റെയും നാനോ സ്കെയിൽ സോളാർ സെൽസ് ഗവേഷണ പദ്ധതിയുടെയും ഉദ്ഘാടനവും സയൻസ് പാർക്കിന്റെ ശിലാസ്ഥാപനവും 2016 ഡിസംബർ 8 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിക്കും. സർവ്വകലാശാല അസംബ്ലി ഹാളിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ വെച്ച് അന്തർസർവ്വകലാശാല സുസ്ഥിര ജൈവകാർഷിക കേന്ദ്രത്തിന്റെ ഓഫീസിന്റെയും പരീക്ഷണ ശാലയുടെയും ഉദ്ഘാടനം ഏറ്റുമാനൂർ എം.എൽ.എ അഡ്വ. കെ. സുരേഷ് കുറുപ്പ് നിർവ്വഹിക്കും.

## ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നവേഷൻ സെന്ററും സയൻസ് പാർക്കും

വിദ്യാഭ്യാസ-വ്യവസായ സംരംഭകത്വ പരിശീലനത്തിനുള്ള അവസരം ഒരുക്കുകയും ബിസിനസ് അറിവുകൾ വളർത്തിയടുക്കാനുള്ള സാഹചര്യമൊരുക്കുകയുമാണ് ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നവേഷൻ സെന്ററിന്റെ പ്രവർത്തന ലക്ഷ്യം. വിദ്യാർത്ഥികളെ തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന സെന്ററിൽ ബിസിനസ് ഇന്റർ ഫെയ്സ് മീറ്റിംഗ്, ബിസിനസ് ഇന്നവേഷൻ, പേറ്റന്റ് രജിസ്ട്രേഷനുള്ള സെൽ, സംരംഭകത്വ മാനേജീരിയൽ ട്രെയ്നിംഗ്, അറിവ് പങ്കുവെയ്ക്കൽ, സ്റ്റാർട്ട് അപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള സംവിധാനമുണ്ടാകും. എട്ട് നിലകളിലായി 64000 ചതുരശ്ര അടിയിൽ ലോകനിലവാരത്തിൽ വിഭാവനം ചെയ്യുന്ന സയൻസ് പാർക്ക് ഇന്ത്യയിലെ തന്നെ സർവ്വകലാശാലാ തലത്തിൽ വ്യവസായ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനായി രൂപീകരിക്കുന്ന ആദ്യത്തെ സയൻസ് പാർക്കാണ്. 14 കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഇതിന്റെ ഒന്നാം നിലയിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ, പേറ്റന്റ് സെൽ, സയൻസ് പാർക്ക് എന്നിവയുടെ ഓഫീസും കോൺഫറൻസ് ഹാളും ഉണ്ടാകും. രണ്ട് മുതൽ ഏഴ് വരെയുള്ള നിലകളിൽ ബയോസയൻസ്, നാനോസയൻസ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, കെമിക്കൽ ഇൻഡസ്ട്രി, വിവരസാങ്കേതിക ശാസ്ത്രം, പരിസ്ഥിതി പഠന വിഭാഗം എന്നിവയുടെ തീം പാർക്കുകളും, എട്ടാം നിലയിൽ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിൽ എത്തുന്ന വിദഗ്ധർക്കുള്ള താമസ സൗകര്യവും, ഏറ്റവും മുകളിൽ സോളാർ പാനലും ആധുനിക ഫുഡ് കോർട്ടും വിഭാവനം ചെയ്യുന്നു. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് പാർക്കിൽ ടെലികമ്യൂണിക്കേഷൻ, സെക്യൂരിറ്റി, എന്റർടെയിൻമെന്റ് വിഭാഗങ്ങളും, കെമിക്കൽ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട പാർക്കിൽ വ്യവസായാധിഷ്ഠിത ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കാനും സൗകര്യമുണ്ടാകും. ബയോസയൻസ് പാർക്കിൽ കേരളത്തിന്റെ സമ്പന്നമായ സുഗന്ധ വ്യഞ്ജനങ്ങളുടെ തീം പാർക്കും ജൈവ ഉൽപന്നങ്ങളുടെ അന്താരാഷ്ട്ര സർട്ടിഫിക്കേഷനുവേണ്ടിയുള്ള സൗകര്യവും ഉണ്ടാകും. നാനോ സയൻസ് തീം പാർക്കിൽ നാനോ അധിഷ്ഠിത കൃഷി-വ്യവസായിക ഉൽപന്നങ്ങളുടെയും, ഐ.റ്റി തീം പാർക്കിൽ ഇന്ത്യയിലെയും വിദേശത്തെയും വിവിധ സോഫ്റ്റ് വെയർ കമ്പനികളുടെയും, പരിസ്ഥിതി പഠനവിഭാഗത്തിൽ വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങളുടെയും, വിവിധ ഗവേഷണ വികസന പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കും.

സർവ്വകലാശാല ബിസിനസ് ഇന്നേവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററുമായി ധാരണാപത്രം ഒപ്പിടുന്ന സംസ്ഥാനത്തെ സ്കൂൾ/ഹയർ സെക്കണ്ടറി സ്ഥാപനങ്ങളിലെയും കോളജുകളിലെയും വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പരിശീലനത്തിന് സെന്റർ അവസരമൊരുക്കും. വിദ്യാർത്ഥികൾക്ക് പേറ്റന്റിനായി സൗജന്യ സേവനവും ലഭ്യമാക്കും. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും അവരുടെ ഉൽപന്നങ്ങളുടെ സേവനം സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതിനും ഗവേഷണ വികസന പ്രവർത്തനങ്ങൾക്കും സെന്റർ അവസരമൊരുക്കും.

## നാനോ സ്കെയിൽ സോളാർ സെൽസ് ഗവേഷണ പദ്ധതി

ആധുനിക വികസന സങ്കൽപത്തിൽ പ്രകൃതിയോട് ഇണങ്ങുന്ന ഹരിത ഊർജ്ജത്തിനും ഹരിതസാങ്കേതിക വിദ്യയ്ക്കും സുപ്രധാനമായ സ്ഥാനമുണ്ട്. പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളിൽ നിന്നും മാറി പുനരുൽപാദിപ്പിക്കാവുന്ന ഊർജ്ജ മേഖലകളിലേക്ക് സർവ്വകലാശാലകളുടെ ഗവേഷണ പദ്ധതികൾ ഇന്ന് വഴി മാറിയിട്ടുണ്ട്. സിലിക്കൺ സൗരോർജ്ജപാനലുകളേക്കാൾ കൂടുതൽ സൗകര്യപ്രദമായതും ചിലവുകുറഞ്ഞതും പ്രവർത്തന ക്ഷമത കൂടിയതും എന്നാൽ ഭാരം കുറഞ്ഞതുമാണ്, നാനോ സോളാർ സെല്ലുകൾ. വ്യവസായിക അടിസ്ഥാനത്തിൽ ഇവ ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതയാണ് നാനോ സ്കെയിൽ സോളാർ സെൽ ഗേവഷണ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

## അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക കേന്ദ്രം

രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുള്ള കൃഷി രീതിയിൽ നിന്ന് കാർഷികലോകം പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. ജൈവകൃഷിയിലെയും സുസ്ഥിരകൃഷിയിലെയും അന്തർവൈജ്ഞാനിക ഗവേഷണം പ്രോത്സാഹിപ്പിക്കുകയാണ് അന്തർസർവ്വകലാശാലാ സുസ്ഥിരജൈവ കാർഷികകേന്ദ്രം ലക്ഷ്യമിടുന്നത്. ജൈവകൃഷിയുടെ വികസനത്തിനും അഭിവൃദ്ധിക്കുമായുള്ള ഈ കേന്ദ്രത്തിന്റെ ഓഫീസിന്റെയും പരീക്ഷണശാലയുടെയും ഉദ്ഘാടനവും ഡിസംബർ 8ന് നടക്കുന്നു.

സർവ്വകലാശാല അസംബ്ലിഹാളിൽ വ്യാഴാഴ്ച നടക്കുന്ന സമ്മേളനത്തിൽ പ്രോ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. കെ. ഹരികുമാർ, കെ. ഷെറഫുദ്ദീൻ, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പങ്കെടുക്കും. ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ഡയറക്ടറും പ്രശസ്തശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ്, സർവ്വകലാശാല ഉദ്യോഗസ്ഥൻ കെ. സി. അനീഷ്കുമാർ എന്നിവർക്ക് ചടങ്ങിൽ വച്ച് വിദ്യഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് ഉപഹാരം സമർപ്പിക്കും.

## ഔദ്യോഗിക ഭാഷാ ശില്പശാല നടത്തി

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്കായി നടത്തിയ ഔദ്യോഗിക ഭാഷാ ശില്പശാല സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിലെ മലയാള ഭാഷാ വിദഗ്ധൻ ശിവകുമാർ ക്ലാസ് നയിച്ചു. സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ, ഡോ. അജു കെ. നാരായണൻ എന്നിവർ സംസാരിച്ചു.

## അടിക്കുറിപ്പ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്കായി നടത്തിയ ഔദ്യോഗിക ഭാഷാ ശില്പശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ, ഡോ. അജു കെ. നാരായണൻ, മലയാള ഭാഷാ വിദഗ്ധൻ ശിവകുമാർ എന്നിവർ സമീപം

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**